(ബി) എന്നാൽ പൊതുവിൽ പൊതുവിപണിയിലെ അരി വില 2.9% വർദ്ധിച്ചിട്ടുണ്ട്.

(സി) വില വർദ്ധനവുണ്ടാകുന്നത് തടയാൻ സിവിൽസപ്ലൈസ് വകുപ്പു എല്ലാ സംവിധാനങ്ങളും പരമാവധി ശക്തിപ്പെടുത്തിയിട്ടുണ്ട്. റേഷൻ കടകളിലൂടെ നല്ലയിനം അരി നൽകാൻ അങ്ങേയറ്റം ശ്രദ്ധിക്കുന്നതോടൊപ്പം ക്രമക്കേടുകൾ കണ്ടുപിടിക്കാൻ വകുപ്പു ഉദ്യോഗസ്ഥൻമാരെ ജാഗരൂകരാക്കിയിട്ടുണ്ട്. സിവിൽസപ്ലൈസ് കോർപ്പറേഷന്റെ ചില്ലറ വിൽപ്പന കേന്ദ്രങ്ങളായ മാവേലിസ്റ്റോറുകൾ, സഹകരണ മേഖലയിലൂടെ ഗ്രാമ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണ മാവേലി സ്റ്റോറുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ, ഹരിജനങ്ങൾ നടത്തുന്ന ത്രീവീലറുകൾ, കേരളാ സ്റ്റോറുകൾ തുടങ്ങിയവയിലൂടെ അരി പഞ്ചസാര, വെളിച്ചെണ്ണ എന്നിവയുൾപ്പെടെയുള്ള എല്ലാ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിതരണം ചെയ്യുന്നുണ്ട്. പൊതുവിപണിയിൽ നടക്കുന്ന ക്രമക്കേടുകൾ കണ്ടുപിടിച്ചു നടപടികൾ സ്വീകരിക്കുകയും കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വില വർദ്ധനവുണ്ടാകുന്നത് തടയാൻ ഒരു പരിധിവരെ ഈ നടപടികൾ സഹായിച്ചിട്ടുണ്ട്.

റേഷനരിയുടെ വിലവർദ്ധനവ്

* 53. [57] ശ്രീ. ടി. കെ. അബ്ദു :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. സി. കെ. ചക്രപാണി :
,, കെ. പുരുഷോത്തമൻ :
,, എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റേഷനരിയുടെ വില എത്ര തവണ വർദ്ധിപ്പിച്ചു ;

(ബി) ഇപ്രകാരമുള്ള വർദ്ധിപ്പിക്കൽ മൂലം ഒരു കിലോഗ്രാം റേഷനരിക്ക് മൊത്തത്തിൽ ഉണ്ടായിട്ടുള്ള വില വർദ്ധന എത്രമാത്രമെന്ന് വെളിപ്പെടുത്താമോ ;

(സി) 1985-ൽ സംസ്ഥാന ഗവൺമെന്റ് റേഷനരിയുടെ വില എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു ;

(ഡി) കേന്ദ്ര ഗവൺമെന്റ് എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു ;

(ഇ) ഇങ്ങനെ വില വർദ്ധിപ്പിക്കാനുള്ള കാരണമെന്ത് ;

(എഫ്) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ജി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം റേഷനരിയുടെ അളവിൽ കുറവ് വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ :

(എച്ച്) അരിയുടെ വില കുറയ്ക്കുന്നതിനെ സംബന്ധിച്ച് വല്ല നിർദ്ദേശവും ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ?

ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) റേഷനരിയുടെ വില അഞ്ചു തവണ വർദ്ധിപ്പിച്ചു.

(ബി) 58 പൈസ

LIBRARY ARCHIVES Kerala Legislative Assembly

(സി,ഡി) കേന്ദ്ര ഗവൺമെൻറ് റേഷനരിയുടെ വില വർദ്ധിപ്പിച്ച പ്പോഠം ഒരു പ്രാവശ്യം റേഷനരിയുടെ വില വർദ്ധിപ്പിക്കേണ്ടി വന്നു;

(ഇ,എഫ്) കേന്ദ്ര ഗവൺമെൻറാണ് വില വർദ്ധനവ് തീരുമാനിക്കുന്നത്.

(ജി) പുതിയ റേഷൻകാർഡ് നൽകിയതിനെത്തുടർന്ന് കാർഡിനു എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് കാരണം ഒരു പ്രാവശ്യം രണ്ടാഴ്ചക്കാല ത്തേക്ക് റേഷനരിയുടെ അളവിൽ താൽക്കാലികമായി യൂണിററിന് 10 ഗ്രാം കുറവു വരുത്തേണ്ടി വന്നിട്ടുണ്ട്.

(എച്ച്) ഇല്ല.

കൊപ്രസംഭരണം

* 54: [58] ശ്രീ. കെ. പി. രാമൻ :
,, എ. കെ. ശശീന്ദ്രൻ :
,, ആർ. എസ്. ഉണ്ണി :
,, ലോനപ്പൻ നമ്പാടൻ :
,, ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാസ്റേറററ് നാളികേര വികസന കോർപ്പറേഷൻ 1984-85, 1985-86 സാമ്പത്തിക വർഷത്തിൽ ആകെ എത്ര ടൺ കൊപ്രസംഭരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) 1985 ഡിസംബർ, 1986 ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽ മാത്രം എത്ര ടൺ കൊപ്ര സംഭരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) കിൻറലിന് എന്തുവില വച്ചാണ് സംഭരിക്കുന്നത് ;

(ഡി) മാർക്കറ്റിംഗ് ഫെഡറേഷൻറെ കീഴിൽ എത്ര കൊപ്ര സംഭരണ കേന്ദ്രങ്ങളാണ് തുറന്നിട്ടുണ്ട് ;

(ഇ) അവ എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ ; എത്ര ടൺ കൊപ്ര മാർക്കറ്റിംഗ് ഫെഡറേഷൻറെ കീഴിൽ സ്റേറാക്കുണ്ട് ;

(എഫ്) നാളികേര വികസന കോർപ്പറേഷൻ നടത്തിവന്നിരുന്ന കൊപ്ര സംഭരണ ഏർപ്പാട് വേണ്ടെന്ന് വച്ചിട്ടുണ്ടോ ; എങ്കിൽ എത്രകാലമായി കൊപ്രസംഭരണ നടപടികൾ നിറുത്തിവച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ജി) നിറുത്തിവയ്ക്കാനുള്ള കാരണംകൂടി വ്യക്തമാക്കുമോ ;

(എച്ച്) ഫെഡറേഷൻ കൊപ്ര വാങ്ങാൻ സംസ്ഥാനം ചെയ്തു കൊടുത്ത സഹായങ്ങൾ എന്തെല്ലാമാണ് ;

(ഐ) വെളിച്ചെണ്ണയാക്കാനായി ഫെഡറേഷൻ എത്ര ടൺ കൊപ്ര നാളികേര വികസന കോർപ്പറേഷനെ ഏൽപ്പിച്ചു ;

(ജെ) കൊപ്രയ്ക്ക് കൂടുതൽ വില കിട്ടാൻ ഫെഡറേഷൻ കൈക്കൊള്ളാൻ പോകുന്ന പുതിയ നടപടികൾ എന്താണ് ;

(കെ) 'നാഫെഡ്' സംസ്ഥാനത്തു നിന്നും എന്നു മുതൽ കൊപ്ര സംഭരിക്കാൻ തുടങ്ങി ;

(എൽ) 'നാഫെഡ്' രംഗപ്രവേശനം ചെയ്തതിനുശേഷം നാളികേരത്തിന് വില വർദ്ധിച്ചുവോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) 1984-85-ൽ 8200 ടണ്ണും 1985-86- ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ 6300 ടണ്ണും കൊപ്ര വാങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly